ശ്രീ. കെ. കൃഷ്ണപിള്ള : ഇപ്പോഴും നിലവിലുള്ള ഗാർഡന്മാർക്ക് സ്വാഭാവികമായിട്ട് പിരിഞ്ഞുപോകേണ്ടിവരുമെന്നുള്ളതിനെ പരിഗണിച്ചും, എംപ്ലോയ്മെൻഴ് എക്സ്ചേഞ്ചുവഴി നിയമനം നടത്തിയിട്ടുള്ളതിനെ പരിഗണിച്ചും, അവർക്കുകൂടി പി. എസ്സ്. സി. യിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുള്ളതിൽ അപേക്ഷിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആദ്യം പി. എസ്സ്. സി. യിൽ നിന്നും അപേക്ഷ ക്ഷണിച്ചപ്പോൾ യോഗ്യതയുള്ളവർ ഇല്ലായിരുന്നതുകൊണ്ടാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തിയിട്ടുള്ളത്. അങ്ങനെയുള്ളവരെയെല്ലാം പിരിച്ചുവിടാതിരിക്കാൻ സാധിക്കുകയില്ല. അവർക്കും പി. എസ്സ്. സി. നിന്നും അപ്പൈ ചെയ്യാവുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ യോഗ്യതയുള്ളവരും, ആറും ഏഴും വർഷം സർവ്വീസുള്ളവരുമായ വാച്ചർന്മാരുണ്ട്. അവരെ സംബന്ധിച്ചിടത്തോളം യാതൊരു കൺസിഷനുമില്ലാതെ അടുത്തകാലത്തായി പിരിച്ചുവിടുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ ഫലമായി അവർക്ക് വലിയ ബുദ്ധിമുട്ടുകളുണ്ട്. അങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും പരിഹാരം ഗവണ്മെൻറിൽനിന്നും ഏർപ്പെടുത്തുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഉദ്യോഗത്തിൽ പ്രവേശിച്ച അവസരത്തിൽതന്നെ അവർക്കറിയാം അവരുടെ സർവ്വീസ് ടെമ്പററിയാണെന്ന്. അതുകൊണ്ട് അവർ മറ്റ് ജോലികൾക്ക് പി. എസ്സ്. സി. യിൽ നിന്നും അപേക്ഷ ക്ഷണിക്കുമ്പോൾ അതിലേയ്ക്ക് അപേക്ഷിക്കുകയും വേറെ ഉദ്യോഗങ്ങളിൽ പോകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അവർക്ക് പി. എസ്സ്. സി. യിലേയ്ക്ക് അപേക്ഷ കൊടുക്കുന്നതിന് പ്രത്യേകം ഉത്തരവു കൊടുക്കേണ്ട ആവശ്യമൊന്നുമില്ല.

ജലസേചന പദ്ധതി.

* 127. [17] ശ്രീ. എൻ. ഈ. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും ജലസേചനപദ്ധതിയുടെ പ്രവർത്തനം നിർത്തിവച്ചിട്ടുണ്ടോ ;

(ബി) പഴശ്ശി പദ്ധതിയുടെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള കാരണമെന്താണ് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.

(ബി) 'എ'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

Mr. Speaker: Questions Nos. 31 and 36 may also be answered.

ജലസേചനപദ്ധതികൾ

* 128. [31] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ച എത്ര ജലസേചനപദ്ധതികൾ ഇതിനകം ആരംഭിച്ചു ;

(ബി) പൂർത്തീകരിച്ചുകഴിഞ്ഞവ ഏതൊക്കെ എന്ന് പേർ പറയാമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര പദ്ധതികൾ പ്രവർത്തനത്തിൽ ഉണ്ട്;

(ഡി) പൂർത്തിയായവ ഏതൊക്കെ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വളപട്ടണം പദ്ധതി (പഴശ്ശിരാജാ) ക്കുവേണ്ടി ഇതിനകം എത്ര തുക ചെലവഴിച്ചു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആറു പുതിയ ജല സേചന പദ്ധതികളുടേയും പണി തുടങ്ങിക്കഴിഞ്ഞു. കൂടാതെ സ്റ്റിൽ ഓവർ സംകീമുകം 12 എണ്ണത്തിന്റെ പണിയും തുടർന്നുവരുന്നു.

(ബി) താഴെ പറയുന്ന ഏഴു പദ്ധതികളുടെ പണി ഏറെക്കുറെ പൂർത്തിയായി.

(1) മലമ്പുഴ
(2) ഗായത്രി—ഒന്നാം ഘട്ടം
(3) ചാലക്കുടി—രണ്ടാം ഘട്ടം
(4) മംഗലം
(5) പീച്ചി
(6) വാളയാർ
(7) വാഴാനി

(സി) ഒന്നു് (പഴശ്ശി പദ്ധതി)

(ഡി) ഒന്നും ഇല്ല.

(ഇ) 1963 ഡിസംബർ അവസാനം വരെ 10.17 ലക്ഷം രൂപ ചെലവഴിച്ചു.

വൻകിട ജലസേചനപദ്ധതികൾ

* 129. [36] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടു ജില്ലയിൽ ഇപ്പോൾ പ്രവർത്തനത്തിലുള്ള വൻകിട ജലസേചനപദ്ധതികൾ ഏതെല്ലാമാണു് ;

(ബി) കുറ്റ്യാടി ജലസേചനപദ്ധതിയുടെ പ്രവർത്തനം ഇന്നു് ഏതു സ്ഥിതിയിലാണുള്ളതു് ;

(സി) ആകെ എത്ര തുകയാണു് ഈ പദ്ധതിക്കു് വേണ്ടിവരിക എന്നു കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇപ്പോൾ അവിടെ കാര്യമായി യാതൊരു പ്രവർത്തനവും നടക്കുന്നില്ലെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൂടുതൽസംഖ്യ അനുവദിച്ചുകൊണ്ടു് പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ വേണ്ടുന്ന നടപടികൾ അംഗീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) കുറ്റ്യാടി ജലസേചനപദ്ധതിമാത്രം.

(ബി) അപ്രോച്ചു് റോഡു്, കാർട്ടേഴ്സു് എന്നിവ പണിയുക തുടങ്ങിയ പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) 496.44 ലക്ഷം രൂപ.

(ഡി, ഇ) ഈ പദ്ധതിയുടെ പ്രോജക്റ്റു് റിപ്പോർട്ടിനു് അംഗീകാരം കിട്ടിയാലേ ശരിയായ പദ്ധതിപ്രവർത്തനം ആരംഭിക്കുവാൻ നിവൃത്തിയുള്ളൂ. കൂടാതെ സാമ്പത്തിക പരിമിതികൊണ്ടു് ഈ പദ്ധതിക്കു് 1963–64 വർഷത്തിൽ രണ്ടുലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളൂ. ഇപ്പോൾത്തന്നെ അതിൽ കൂടുതൽ ചെലവായിക്കഴിഞ്ഞു ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ സംകീമിനു് തന്നാണ്ടിൽ കൂടുതൽ തുക അനുവദിക്കുവാൻ നിവൃത്തിയില്ല

ശ്രീ. എൻ. ഈ. ബലറാം : പഴശ്ശി പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാക്കാതെ അതിൽ വിട്ടുവീഴ്ച വരുത്തുകയാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly